## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 46 — 26.09.2016 ൽ മറുപടിക്ക്

### KSEB-യിൽ മസ്ദൂർ/വർക്കർമാർക്കുള്ള റാങ്ക് ലിസ്റ്റ്

ചോദ്യം
ശ്രീ.രാജു എബ്രഹാം

ഉത്തരം
ശ്രീ.പിണറായി വിജയൻ
(മുഖ്യമന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) കാറ്റഗറി നമ്പർ 11/2011 പ്രകാരം KSEB-യിൽ മസ്ദൂർ/ വർക്കർമാർക്കുള്ള റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണ്; ഈ റാങ്ക് ലിസ്റ്റിൽ എത്ര പേരാണ് ഉൾപ്പെട്ടിട്ടുള്ളത്; | (എ) KSEB മസ്ദൂർ /ഇലക്ട്രിക്കൽ വർക്കർ തസ്തികയുടെ റാങ്ക് പട്ടിക 30-09-2013 ന് ആണ് നിലവിൽ വന്നത്. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ എണ്ണം താഴെപറയുന്നു. |

| | ജില്ല | മുഖ്യപട്ടിക | സപ്ലിമെന്ററി ഉൾപ്പെടെ ആകെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | 1161 | 2627 |
| 2 | കൊല്ലം | 1078 | 2467 |
| 3 | പത്തനംതിട്ട | 794 | 1574 |
| 4 | ആലപ്പുഴ | 998 | 2190 |
| 5 | കോട്ടയം | 891 | 2115 |
| 6 | ഇടുക്കി | 785 | 1532 |
| 7 | എറണാകുളം | 1181 | 3214 |
| 8 | തൃശ്ശൂർ | 1053 | 2443 |
| 9 | പാലക്കാട് | 951 | 2122 |
| 10 | മലപ്പുറം | 1049 | 2325 |
| 11 | കോഴിക്കോട് | 1131 | 2437 |
| 12 | വയനാട് | 773 | 1136 |
| 13 | കണ്ണൂർ | 969 | 2310 |
| 14 | കാസറഗോഡ് | 756 | 1376 |

| ചോദ്യം | ഉത്തരം |
|---|---|
| (ബി) ഇതേവരെ എത്ര പേർക്ക് ഈ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകിയിട്ടുണ്ട്; ഇവരുടെ ജാതിതിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ; | (ബി) പി.എസ്.സി നിയമന ശിപാർശ നൽകിയവരുടെ ജാതി തിരിച്ചുള്ള റാങ്ക് പട്ടിക ജില്ലാ അടിസ്ഥാനത്തിൽ അനുബന്ധമായി ചേർത്തിരിക്കുന്നു. നിയമനം ലഭിച്ചവരുടെ എണ്ണം KSEB-യിൽ നിന്നും ജാതി തിരിച്ചുള്ള എണ്ണം PSC യിൽ നിന്നും ശേഖരിച്ചുവരുന്നു. |

| | |
|---|---|
| (സി) 2016 സെപ്തംബറിൽ കാലാവധി അവസാനിച്ച ഈ ലിസ്റ്റിൽ നിന്നും വളരെ കുറച്ചു പേർക്കുമാത്രമേ നിയമനം ലഭിച്ചിട്ടുള്ളൂ എന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എന്തുകൊണ്ടാണ് നിയമനം കുറവായിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;<br><br>(ഡി) റാങ്ക് ലിസ്റ്റ് നിലവിൽ വന്ന ശേഷം 3 തെരഞ്ഞെടുപ്പുകളുടെ മാതൃകാപെരുമാറ്റച്ചട്ടം വന്നതുമൂലം മാസങ്ങളോളം നിയമനം നടക്കാതിരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;<br><br>(ഇ) എങ്കിൽ ഈ റാങ്ക് ലിസ്റ്റിന്റെയും കാലവധി മറ്റ് റാങ്ക് ലിസ്റ്റുകൾക്ക് നീട്ടി നൽകിയതുപോലെ നാലര വർഷമാക്കി ദീർഘിപ്പിക്കുന്ന-തിനും , പരമാവധി പേർക്ക് നിയമനം ലഭിക്കാൻ കഴിയും വിധം നിയമനങ്ങൾ ത്വരിത-പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ? | (സി), (ഡി)&(ഇ) നിലവിലുണ്ടായിരുന്ന എല്ലാ ഒഴിവുകളിലേയ്ക്കും നിയമനം നടത്തിയിട്ടുണ്ട്. തെരഞ്ഞെടുപ്പുകളോടനുബന്ധിച്ചുള്ള മാതൃകാ പെരുമാറ്റ ചട്ടം മൂലം മാസങ്ങളോളം നിയമനം നടത്താതിരുന്ന സാഹചര്യം ഉണ്ടായിട്ടില്ല. റാങ്ക് ലിസ്റ്റിന്റെ കാലാവധി 2016 ഡിസംബർ 31 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**